# പാഠം 11: ഇസ്രയേലിന്റെ തിരുനാളുകൾ

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | എന്തിനിവേണ്ടിയാണ് ഇസ്രായേൽജനം വിവിധ തിരുനാളുകൾ ആചരിക്കാൻ തുടങ്ങിയത്? | **ദൈവം തങ്ങൾക്കുവേണ്ടി ചെയ്ത വലിയ കാര്യങ്ങളെ ഓർക്കുവാനും അവയെപ്രതി നന്ദി പ്രകാശിപ്പിക്കുവാനും തങ്ങളുടെ തെറ്റുകൾക്കുവേണ്ടി മാപ്പപേക്ഷിക്കുവാനുമാണ് ഇസ്രായേൽജനം വിവിധ തിരുനാളുകൾ ആചരിക്കാൻ തുടങ്ങിയത്.** |
| 2 | ഇസ്രായേലിന്റെ ആത്മീയ ജീവിതത്തിൽ പതിവായി അവർ ആചരിച്ചിരുന്ന വിശുദ്ധദിനം ഏതാണ്? | **സാബത്ത്** |
| 3 | ഇസ്രയേൽജനം ആഘോഷിച്ചിരുന്ന പ്രധാനതിരുനാളുകൾ ഏതൊക്കെയാണ്? | **പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ, പെസഹാത്തിരുനാൾ, കൂടാരത്തിരുനാൾ, പന്തക്കുസ്താത്തിരുനാൾ എന്നിവ.** |
| 4 | വിളവെടുപ്പിന്റെ ആരംഭത്തിൽ ദൈവത്തിനു നന്ദിയർപ്പിക്കാൻ ആഘോഷിച്ചിരുന്ന തിരുനാൾ ഏത്? | **പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ** |
| 5 | ഇസ്രായേൽജനത്തിന്റെ തിരുനാളുകളിൽ ഏറ്റവും പ്രധാനപ്പെട്ട തിരുനാൾ ഏത്? | **പെസഹാത്തിരുനാൾ.** |
| 6 | (1) ഇസ്രയേൽ ജനം പെസഹാത്തിരുനാളിലൂടെ അനുസ്മരിച്ചിരുന്നതെന്ത്? | **ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് ഇസ്രായേൽജനത്തെ ദൈവം അത്ഭുതകരമായി മോചിപ്പിച്ചതിന്റെ ഓർമ്മയാണ് പെസഹാത്തിരുനാളിലൂടെ അനുസ്മരിച്ചിരുന്നത്.** |
| 7 | ഇസ്രയേൽജനം ഈജിപ്തിൽ നിന്നു പുറപ്പെട്ടതിനുശേഷം എന്നാണ് പെസഹാ ആചരിച്ചത്? | **ഇസ്രയേൽജനം ഈജിപ്തിൽ നിന്നു പുറപ്പെട്ടതിന്റെ രണ്ടാം വർഷം ഒന്നാം മാസം പതിനാലാം ദിവസം സീനായ് മരുഭൂമിയിൽവച്ച് പെസഹാ ആചരിച്ചു** |
| 8 | ഇസ്രയേൽജനം വർഷംതോറും ഏതു ദിവസമാണ് പെസഹാ ആചരിക്കുന്നത്? | **നീസാൻ എന്ന പേരിലുള്ള ഒന്നാം മാസം പതിനാലാം തീയതി വൈകുന്നേരം.** |
| 9 | ഇസ്രയേൽജനം വർഷംതോറും ഏതു ദിവസമാണ് കൂടാരത്തിരുനാൾ ആഘോഷിക്കുന്നത്? | **ഏഴാം മാസം പതിനഞ്ചാം ദിവസം മുതൽ ഏഴു ദിവസത്തേക്ക്** |
| 10 | ഒരു വിളവെടുപ്പുത്സവം കൂടിയായിരുന്ന കൂടാരത്തിരുനാൾ ഇസ്രയേൽജനം ആചരിച്ചത് എങ്ങനെയാണ്? | **വിളവെടുപ്പുകാലത്ത് അവർ കൂടാരങ്ങൾ നിർമ്മിച്ച് അതിൽ വസിച്ചുകൊണ്ടാണ് കൂടാരത്തിരുനാൾ ആചരിച്ചത്.** |
| 11 | ഇസ്രയേൽജനം പന്തക്കുസ്താത്തിരുനാൾ ആഘോഷിച്ചിരുന്നത് എന്നാണ്? | **വിളവെടുപ്പ് ആരംഭിച്ചതിന്റെ അമ്പതാം ദിവസമാണ് പന്തക്കുസ്താത്തിരുനാൾ ആഘോഷിച്ചിരുന്നത്.** |
| 12 | (2) പന്തക്കുസ്താ എന്ന വാക്കിന്റെ അർത്ഥമെന്ത്? | പന്തക്കുസ്താ എന്ന വാക്കിന്റെ അർത്ഥം **അമ്പതാം ദിവസം** എന്നാണ്. |
| 13 | പന്തക്കുസ്താത്തിരുനാൾ അറിയപ്പെട്ടിരുന്ന മററു പേരുകൾ ഏതെല്ലാം? | **വിളവെടുപ്പ് തിരുനാൾ, ആഴ്ചകളുടെ തിരുനാൾ, ആദ്യഫലങ്ങളുടെ തിരുനാൾ എന്നിവ.** |
| 14 | നാളാഘോഷത്തിൽ പങ്കെടുപ്പിച്ചിരുന്നത്? | **പന്തക്കുസ്താത്തിരുനാളിൽ** |
| 15 | ഏത പദം കൊണ്ടാണ് പാപപരിഹാരദിനത്തെ വിശേഷിപ്പിക്കുന്നത്? | **യോംകിപ്പൂർ** എന്ന ഹീബ്രുപദം കൊണ്ടാണ് പാപപരിഹാരദിനത്തെ വിശേഷിപ്പിക്കുന്നത്. |
| 16 | (3) പാപപരിഹാരത്തിരുനാൾ ആചരിച്ചിരുന്നത് എന്തിനുവേണ്ടിയാണ്? | **ദൈവമായ കർത്താവിന്റെ പരിശുദ്ധിയും ഇസ്രായേൽക്കാരുടെ പാപകരമായ അവസ്ഥയും യോംകിപ്പൂർ എന്ന പദം അനുസ്മരിപ്പിക്കുന്നു. ജനങ്ങൾ പരസ്പരം അനുരഞ്ജനപ്പെടുകയും ദൈവത്തോട് മാപ്പ് അപേക്ഷിക്കുകയും വേണം. അതിനുള്ള അവസരമാണ് പാപപരിഹാരദിനം.** |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 17 | സഭയിലെ പ്രധാന തിരുനാളുകൾ ഏതൊക്കെയാണ്? | **ക്രിസ്തുമസ്, ദനഹത്തിരുനാൾ, പെസഹാത്തിരുനാൾ, ഉയിർപ്പു തിരുനാൾ, സ്വർഗാരോഹണത്തിരുനാൾ, പന്തക്കുസ്താത്തിരുനാൾ എന്നിവ.** |
| 18 | ഈശോയുടെ ജനനത്തെ അനുസ്മരിപ്പിക്കുന്ന ക്രിസ്തുമസ് എന്നാണ് ആഘോഷിക്കുന്നത്? | **ഡിസംബർ 25 നാണ്** ലോകമെമ്പാടും ക്രിസ്തുമസ് ആഘോഷിക്കുന്നത്. |
| 19 | ഈശോയുടെ മാമ്മോദീസായെ അനുസ്മരിക്കുന്ന ദനഹത്തിരുനാൾ എന്നാണ് സഭ ആചരിക്കുന്നത? | **ജനുവരി 6–ാം തീയതി** |
| 20 | സഭയിൽ വളരെ പ്രാധാന്യത്തോടെ ആചരിക്കുന്ന തിരുനാളായ പെസഹാത്തിരുനാളിൽ എന്താണ് നാം കൊണ്ടാടുന്നത്? | **സെഹിയോൻമാളികയിൽവച്ച് ഈശോ ശിഷ്യന്മാരൊത്ത് കഴിച്ച ഒടുവിലത്തെ അത്താഴം പെസഹാഭക്ഷണമായിരുന്നു. അന്ന് വിശുദ്ധ കുർബാന സ്ഥാപിച്ചതിന്റെ ഓർമ്മയാണ് പെസഹായിൽ നാം കൊണ്ടാടുന്നത്.** |
| 21 | എന്തിന്റെ അനുസ്മരണമാണ് ഉയിർപ്പുതിരുനാൾ അഥവാ ഈസ്റ്റർ? , (4) ഉയിർപ്പുതിരുനാളിനെ തിരുനാളുകളുടെ തിരുനാൾ എന്നു വിളിക്കാൻ കാരണമെന്ത്? | **പീഡകൾ സഹിച്ച്, കുരിശിൽ മരിച്ച്, അടക്കപ്പെട്ട ഈശോ മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റതിന്റെ അനുസ്മരണമാണ് ഉയിർപ്പുതിരുനാൾ അഥവാ ഈസ്റ്റർ. തിരുനാളുകലുടെ തിരുനാൾ എന്ന് ഇത് അറിയപ്പെടുന്നു. ഉയിർപ്പുതിരുനാളിനു ഒരുക്കമായി അമ്പതുദിവസത്തെ നോമ്പ് അനുഷ്ഠിക്കാറുണ്ട്. ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ പൂർത്തീകരണം എന്ന നിലയിൽ ഉയിർപ്പ് വളരെ പ്രാധാന്യമർഹിക്കുന്നു.** |
| 22 | എന്തിന്റെ ഓർമ്മയാണ് സ്വർഗാരോഹണത്തിരുനാൾ? | **ഉയിർപ്പിനുശേഷം നാല്പതാം ദിവസം ഈശോ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തതിന്റെ ഓർമ്മയാണിത്. മനുഷ്യനായി ഭൂമിയിൽ പിറന്ന ഈശോ മനുഷ്യരക്ഷ സാധിച്ചതിനുശേഷം പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി. സ്വർഗത്തിൽ നമുക്കായി ഇടമൊരുക്കുന്ന ഈശോയെ ഈ തിരുനാൾ ഓർമ്മിപ്പിക്കുന്നു.** |
| 23 | (5) പുതിയ നിയമ പന്തക്കുസ്താത്തിരുനാൾ ആചരണത്തിന്റെ അടിസ്ഥാനമെന്ത്? | **സ്വർഗാരോഹണത്തിനുശേഷം പത്താംദിവസം പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെമേൽ തീനാവുകളുടെ രൂപത്തിൽ എഴുന്നള്ളിവന്ന സംഭവമാണ് ഈ തിരുനാളിന് അടിസ്ഥാനം. സഭ ഔദ്യോഗികമായി ഉത്ഘാടനം ചെയ്യപ്പെട്ടതും അന്നാണ്. സഭയിൽ വസിക്കാനും സഭയെ നയിക്കാനുമായി പരിശുദ്ധാത്മാവിനെ അയച്ചതിന്റെ അനുസ്മരണം പന്തക്കുസ്തായിലുണ്ട്. സഭയിലും സഭാമക്കളിലും പരിശുദ്ധാത്മാവിന്റെ ചൈതന്യം നിറയാൻ സഹായിക്കുന്ന തിരുനാളാണിത്.** |
| 24 | (6) തിരുനാളുകൾ നമ്മുടെ ആത്മീയവളർച്ചയ്ക്ക് സഹായമാകുന്നതെങ്ങനെ? | **തിരുനാളുകൾ വിശുദ്ധദിനങ്ങളായാണ് സഭ കാണുന്നത്. അവയിൽ ആഘോഷപൂർവ്വം പങ്കുചേരുന്നതിലൂടെ ദൈവത്തിനു നാം നന്ദിയർപ്പിക്കുന്നു. ഓരോ തിരുനാളിന്റെയും അർത്ഥവും സന്ദേശവും അറിഞ്ഞ് ആചരിക്കുമ്പോഴാണ് നമ്മുടെ ആത്മീയ വളർച്ചയ്ക്ക് അവ ഉപകരിക്കുന്നത്.** |

**ശ്രദ്ധിക്കുക:** പാഠത്തിന്റെ സംഗ്രഹമാണ് ചോദ്യോത്തരരൂപത്തിൽ കൊടുത്തിരിക്കുന്നത്. ചോദ്യത്തിലും ഉത്തരത്തിലും മറ്റു പല ചോദ്യോത്തരങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. ചോദ്യം എങ്ങനെയുള്ളതായാലും (ഉദാ: ഒറ്റവാക്കിൽ ഉത്തരം എഴുതുക, ബ്രാക്കറ്റിൽ നിന്നും ഉത്തരം എടുത്തെഴുതുക, പട്ടിക ക്രമപ്പെടുത്തുക, ഫ്ളോചാർട്ട് പൂർത്തിയാക്കുക, ഉത്തരം എഴുതുക, പദസൂര്യൻ പൂർത്തിയാക്കുക, ജീവചരിത്രം പൂർത്തിയാക്കുക, ഖണ്ഡിക എഴുതുക മുതലായവ) അത് വായിച്ചു മനസ്സിലാക്കി ചോദ്യത്തിനനുസരിച്ച് ശരിയായ ഉത്തരമെഴുതുക. പുസ്തകം വായിച്ചതിനുശേഷമാണ് പാഠത്തിന്റെ സംഗ്രഹം പഠിക്കേണ്ടത്.